# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2074 — 11.02.2020- ൽ മറുപടിയ്ക്ക്

## ജയിലുകളുടെ സുരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. എം. ഉമ്മർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്തെ ജയിലുകളിൽ ജയിൽപുള്ളികളുടെ എണ്ണത്തിന് ആനുപാതികമായ ജീവനക്കാരില്ല എന്നത് ജയിലുകളിലെ സുരക്ഷയ്ക്ക് ഭീഷണി സൃഷ്ടിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് ജയിലുകളിൽ ആവശ്യത്തിനു സുരക്ഷാ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതിനാൽ ജയിൽ സുരക്ഷയ്ക്ക് ഭീഷണി ഉണ്ടാകുന്നില്ല. |
| (ബി) | ജയിലുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ? | (ബി) | ജയിലുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 55 ജയിലുകളിൽ 52 ജയിലുകളിൽ സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ട്. അതിൽ 3 സെൻട്രൽ പ്രിസണുകളിലും 3 ജില്ലാ ജയിലുകളിലും സി.സി.ടി.വി. സംവിധാനം നവീകരിക്കുന്നതിനുള്ള പ്രവർത്തി നടന്നുവരുന്നു. സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്ന പദ്ധതി നടന്നുവരുന്നു. എല്ലാ ജയിലുകളിലും മെറ്റൽ ഡിറ്റക്ടർ നൽകിയിട്ടുണ്ട്. ജയിൽ ചാട്ടം പോലുള്ളവ തടയുന്നതിന് തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ട്.<br>ജയിൽ സുരക്ഷ കൂടുതൽ കർശനമാക്കുന്നതിനായി ആധുനിക സുരക്ഷാ സംവിധാനങ്ങളായ X-ray, |

Baggage inspection system, Door frame Metal Detector, Non-linear Junction detector, security pole എന്നിവ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രധാന ജയിലുകളിൽ പെരിഫെറൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സ്കോർപിയോൺ വിഭാഗം പോലീസ് ഉദ്യോഗസ്ഥരെ പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. അപകടകാരികളായ തടവുകാരെ പ്രത്യേകം നിരീക്ഷിക്കുന്നതിനായി തൃശ്ശൂർ അതീവ സുരക്ഷാ ജയിലിലേക്ക് മാറ്റി പാർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ